## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.47 — 04.02.2020-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. എം. വിൻസെന്റ്
ശ്രീ. വി.എസ്.ശിവകുമാർ
ശ്രീ. കെ.സി.ജോസഫ്
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പുമന്ത്രി

## സംസ്ഥാനത്തിന്റെ സാമ്പത്തികനില

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാരിന്റെ വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതിയിൽ അതിന് പരിഹാരം കാണുന്നതിന് നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നതും ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.<br>നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ച് വരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ 2019-20-ൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; അത് പ്രതിസന്ധി പരിഹരിക്കുന്നതിന് ഗുണകരമായിട്ടുണ്ടോ; | |

| | | |
|---|---|---|
| | | 1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.<br>2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യൂവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>i. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും |

| | | |
|---|---|---|
| | | അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും.<br>ii. ജി.എസ്.ടി.ആർ-2എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>iii. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഈ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഈ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുന്നതാണ്. ഈ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.<br>iv. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>v. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും |

| | | |
|---|---|---|
| | | ഉപയോക്താക്കൾക്കും ബോധ വൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നു.<br>8. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.<br>സാമ്പത്തിക പ്രതിസന്ധിക്കിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുവാൻ കഴിഞ്ഞത് സർക്കാർ കൈക്കൊണ്ട മേൽ നടപടികൾ ഫലപ്രദമായിരുന്നതുകൊണ്ടാണ്. |
| (ബി) | സാമ്പത്തികനില പരിതാപകരമായതിനെത്തുടർന്ന് ഏർപ്പെടുത്തുന്ന ട്രഷറി നിയന്ത്രണം വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. |
| (ഡി) | അധിക വിഭവ സമാഹരണത്തിനായി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര ആംനസ്റ്റി പദ്ധതി ഫലപ്രദമായിരുന്നോ; വിശദമാക്കാമോ? | മോട്ടോർ വാഹന വകുപ്പിൽ അധിക വിഭവ സമാഹരണത്തിനായി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് 2019-20 - ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായിരുന്നു. 01/04/2019 മുതൽ 31/12/2019 വരെ പ്രാബല്യത്തിലുണ്ടായിരുന്ന പദ്ധതിയിലൂടെ അഞ്ചുവർഷമോ അധിലധികമോ നികുതി കുടിശ്ശികയുള്ള 22,073 ട്രാൻസ്പോർട്ട് - നോൺ ട്രാൻസ്പോർട്ട് |

| | | |
|---|---|---|
| | | വാഹനങ്ങളിൽ നിന്നും 8,66,40,946/- രൂപ (എട്ടുകോടി അറുപത്തിയാറു ലക്ഷത്തി നാൽപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയാറ് രൂപ) കുടിശ്ശികയിനത്തിൽ ഈടാക്കിയിട്ടുണ്ട്. കൂടാതെ പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സൂക്ഷിച്ച് ഉപയോഗിച്ചു കൊണ്ടിരുന്നതും കേരളത്തിൽ മേൽവിലാസം ഉള്ളതുമായ വാഹന ഉടമകൾ ഇത്തരം വാഹനങ്ങളുടെ ടാക്സ് കേരള മോട്ടോർ വാഹന ടാക്സേഷൻ റൂൾ അനുസരിച്ച് അടക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ധാരാളം കേസുകൾ നിലവിലുണ്ടായിരുന്നു. ഇത്തരം വാഹനങ്ങൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ ഒരു ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതി പ്രകാരം ഇത്തരം വാഹനങ്ങളിൽ നിന്ന് വളരെയധികം ടാക്സ് ലഭിക്കുകയുണ്ടായി. ഈ രീതിയിൽ 31/12/2019 വരെ ലഭിച്ച ടാക്സ് 37,60,73,575/- രൂപയാണ് (മുപ്പത്തിയേഴുകോടി അറുപതു ലക്ഷത്തി എഴുപത്തിമൂവായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ).<br><br>രജിസ്ട്രേഷൻ വകുപ്പിൽ ആംനസ്റ്റി പദ്ധതി പ്രകാരം 1986 മുതൽ തീർപ്പാക്കാനുണ്ടായിരുന്ന 11,68,004 അണ്ടർ വാല്യുവേഷൻ കേസുകളിൽ 80 ശതമാനത്തോളം കേസുകൾ തീർപ്പാക്കുവാനായി സാധിച്ചിട്ടുണ്ട്. 31,49,52,972/- രൂപ സമാഹരിക്കുവാനും സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസുകളിന്മേൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്.<br><br>സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിൽ അധിക വിഭവ സമാഹരണത്തിനായി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് 2019-20ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര ആംനസ്റ്റി പദ്ധതി പ്രകാരം, 31.12.2019 ലെ കണക്കനുസരിച്ച് 48043 അപേക്ഷകൾ ലഭിക്കുകയും പ്രസ്തുത അപേക്ഷകളിൽ 773.81 കോടി രൂപ ഉൾപ്പെട്ടിട്ടുള്ളതുമാകുന്നു. ഇതിൽ നിന്നും പലിശ, പെനാൽട്ടി എന്നിവ ഒഴികെ 363.34 കോടി രൂപ |

| | | |
|---|---|---|
| | | ആംനസ്റ്റി പദ്ധതി പ്രകാരം അടയ്ക്കേണ്ട തുകയാണ്. 31.12.2019 വരെ 124.50 കോടി രൂപ അടച്ചു. ബാക്കി 238.84 കോടി രൂപ അടയ്ക്കുവാനുണ്ട്. ഇത് തവണകളായി അടയ്ക്കുന്നതിന് 31.03.2020 വരെ സമയം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**